(എഫ്) സംസ്ഥാനത്തെ പൊതു കമ്പോളത്തെ നിയന്ത്രിക്കാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ&ബി) ഭക്ഷ്യധാന്യം, ഭക്ഷ്യ എണ്ണ, മണ്ണെണ്ണ, പഞ്ചസാര, പയറുവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ വിപണനം നടത്തുന്നതിലേയ്ക്ക് ലൈസൻസ് എടുക്കാൻ 1955-ലെ അവശ്യസാധന നിയമ പ്രകാരമുള്ള നിയന്ത്രണ ഉത്തരവുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇതിനുപുറമേ പൂഴ്ത്തിവയ്പ്, കരിഞ്ചന്ത തുടങ്ങിയവ തടയുന്നതിന് പൊതുവിപണിയിൽ റെയ്ഡും പരിശോധനയും വ്യാപകമായി നിലവിലുള്ള നിയമപ്രകാരം സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് തന്നെ നടത്തിവരുന്നു. ഈ സാഹചര്യത്തിൽ പൊതുവിപണിയുടെ മേൽ കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തേണ്ട ആവശ്യം ഉള്ളതായി കരുതുന്നില്ല.

(സി) ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന കച്ചവടക്കാരുടെ മേൽ 1955-ലെ അവശ്യസാധന നിയമപ്രകാരം കേസ്സെടുക്കുന്നുണ്ട്.

(ഡി) എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം സജീവമായി നടത്തിവരുന്നുണ്ട്. വില നിയന്ത്രിക്കാൻ ഇതുമൂലം പരിമിതമായി മാത്രമേ സാധിക്കുകയുള്ളൂ. ഫലപ്രദമായ പൊതുവിതരണ സമ്പ്രദായമാണ് വില നിയന്ത്രണത്തിനുതകുന്നത്.

(ഇ) പുതുക്കി നിശ്ചയിട്ടുണ്ട്. ഈ തീരുമാനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്.

(എഫ്) നിലവിലുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ കഴിവനുസരിച്ച് ഫലപ്രദമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾ ഗവൺമെന്റിന്റെ ഇടപെടൽ പരിമിതപ്പെടുത്തുന്നതാണ്.

ദേശീയ ജലനയം

20 (*20) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി കഴിഞ്ഞ ജൂലൈ മാസം വിളിച്ചു ചേർത്ത ദേശീയ ജലവിഭവ കൗൺസിൽ യോഗം ദേശീയ ജലനയം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടതായി അറിവുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നദീജലം കൈമാറുന്നത് സംബന്ധിച്ചും, നദീതടങ്ങളിലെ ജലം വിനിയോഗിക്കുന്നത് സംബന്ധിച്ചും എന്തെങ്കിലും നിർദ്ദേശങ്ങൾ ദേശീയ ജലരേഖയിൽ മുന്നോട്ടു വച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(സി) നദീജലം കൈമാറുന്നത് സംബന്ധിച്ചും നദീതടങ്ങളിലെ ജലം വിനിയോഗിക്കുന്നത് സംബന്ധിച്ചും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്തെന്ന് ദേശീയ ജലവിഭവ കൗൺസിൽ യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം എന്തെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെടുന്ന ജലവിഭവത്തിന്മേൽ അധികാരം നേടിയെടുക്കാൻ ദേശീയ ജലരേഖയിലൂടെ കേന്ദ്രസർക്കാർ ശ്രമം ആരംഭിച്ചതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം എന്തെന്ന് വ്യക്തമാക്കുമോ ;

(എഫ്) ദേശീയ ജലനയം സംബന്ധിച്ച കരടുരേഖ സംസ്ഥാന നിയമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ജി) ദേശീയ ജലനയം സംബന്ധിച്ച കരടുരേഖയിലെ എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്തിന്റെ ജലവിഭവ സ്ഥിതിയേയും വികസന സാദ്ധ്യതകളെയും തകിടം മറിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) ദേശീയ ജലനയം സംബന്ധിച്ച കരടുരേഖ മാറ്റങ്ങൾക്ക് വിധേയമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കരട് "നാഷണൽ വാട്ടർ പോളിസിയും" കരട് "നാഷണൽ പോളിസി ഗൈഡ്‌ലൈൻസ് ഫോർ വാട്ടർ ലൊക്കേഷൻ എമംഗ് സ്റ്റേറ്റ്സ്" ഉം പരിശോധിച്ച് ശുപാർശ സമർപ്പിക്കാൻ സംസ്ഥാനങ്ങളിലേയും യൂണിയൻ ടെറിറ്ററികളിലെയും ജലസേചനമന്ത്രിമാരുടെ ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കാനാണ് പ്രസ്തുത യോഗത്തിൽ തീരുമാനമായത്. ഇതിൽ കേരള ജലസേചനവും തൊഴിലും വകുപ്പുമന്ത്രിയും അംഗമാണ്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശ അടുത്ത കൗൺസിൽ യോഗം പരിഗണിക്കുന്നതാണ്.

(ബി-ഡി) പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ്. ഉപയോഗയോഗ്യമായ ജലസ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പരമ്പരാഗത രീതിയിൽ വെള്ളത്തിന്റെ അന്തർ ബേസിൻ കൈമാറ്റവും ഭൂജലത്തിന്റെ കൃത്രിമമായ 'റീച്ചാർജ്ജിംഗും' ബാക്കി ജലത്തിലെ ഉപ്പ് നീക്കം ചെയ്യലും മഴവെള്ളത്തിന്റെ സംരക്ഷണവും മറ്റും പരിശീലിക്കൽ, ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് അവ എത്തിക്കുന്നതിന് ഒരു ബേസിനിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ജലം മറ്റൊരു ബേസിനിലേയ്ക്ക് കൈമാറ്റം ചെയ്യൽ, റിവർ ബേസിൻ ഓർഗ്ഗനൈസേഷനുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുക, ഇക്കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ ദേശീയ ജലവിഭവ കൗൺസിൽ യോഗത്തിൽ മുഖ്യമന്ത്രി വ്യക്തമാക്കുകയുണ്ടായി. കേന്ദ്രസർക്കാരിനെ അറിയിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു. കീഴ്നദീതടത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തും നദീതടങ്ങളുടെ സ്വന്തം ആവശ്യങ്ങൾ പരിഗണിച്ചും ജലവൈദ്യുതി ഉല്പാദനാവശ്യങ്ങൾ തിട്ടപ്പെടുത്തിയും പരിസ്ഥിതി പ്രശ്നങ്ങൾ പഠിച്ചുമല്ലാതെ ജലത്തിന്റെ അന്തർ-നദീതട കൈമാറ്റം ചെയ്യരുത്. ജലദൗർലഭ്യമുള്ള ഒരു നദീതടത്തിലേക്ക് മറ്റൊരു നദീതടത്തിൽ നിന്നുള്ള ജലം എത്തിക്കുക/കൈമാറ്റം ചെയ്യുക എന്ന നിർദ്ദേശം ജലവൈദ്യുതിക്ക് കൂടി പരിഗണന നൽകി പരിശോധിക്കേണ്ട കാര്യമായതിനാൽ ഇത് ദേശീയനയത്തിൽനിന്ന് ഒഴിവാക്കണം. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ അനുമതിയില്ലാതെ റിവർ ബേസിൻ ഓർഗനൈസേഷനുകൾ രൂപീകരിക്കരുത്.

(ഇ) ഇങ്ങനെ ചില നീക്കങ്ങൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ട പ്പോൾത്തന്നെ കേരളം ശക്തമായ എതിർപ്പ് കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. കൂടാതെ 07-02-2000-ൽ നടന്ന ദേശീയ ജലവിഭവ കൗൺസിൽ യോഗത്തിൽ സംസ്ഥാനങ്ങൾക്കിടയിൽ ജലം വീതിച്ചു നൽകുന്നതിന് രൂപരേഖ തയ്യാറാക്കാനും നിയമപരമായി അധികാരങ്ങളുള്ള റിവർ ബേസിൻ ഓർഗനൈസേഷനുകൾ രൂപീകരിക്കാനും ദേശീയ ജലനയത്തിൽ വ്യവസ്ഥ ചെയ്തതിനെ മുഖ്യമന്ത്രി എന്ന നിലയിൽ ഞാൻ എതിർക്കുകയും ചെയ്തിരുന്നു.

(എഫ്) ദേശീയ ജലനയത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായ വ്യവസ്ഥകളിൽ സുവ്യക്തമായ എതിർപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. പുതിയ കരടുരേഖ ലഭിച്ചശേഷം ആവശ്യമെങ്കിൽ നിയമസഭയിൽ ചർച്ച ചെയ്യാവുന്നതാണ്.

(ജി) കരടുരേഖയിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങളിലാണ് കേരളം വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്.

സംസ്ഥാനങ്ങൾക്കിടയിൽ ജലം വീതിച്ച് നൽകുന്നതിന് ഗൈഡ്ലൈൻ തയ്യാറാക്കുക.

നിയമപ്രകാരമുള്ള അധികാരങ്ങളുള്ള റിവർ ബേസിൻ ഓർഗനൈസേഷനുകൾ രൂപീകരിക്കുക.

ജലത്തിന്റെ അന്തർ-നദീതട കൈമാറ്റത്തിനുള്ള വ്യവസ്ഥ.

(എച്ച്) സംസ്ഥാന ജലസേചന വകുപ്പുമന്ത്രിമാരടങ്ങിയ ഒരു വർക്കിംഗ് ഗ്രൂപ്പ് ആണ് കരടുരേഖ പരിശോധിച്ച് ശുപാർശ സമർപ്പിക്കേണ്ടത്. ഈ ശുപാർശയാണ് ദേശീയ ജലവിഭവകൗൺസിൽ പരിഗണിക്കുക എന്നതിനാൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾക്ക് അംഗീകാരം ലഭിക്കാൻ അവസരമുണ്ടാകുന്നതാണെന്നാണ് പ്രതീക്ഷ.

LIBRARY ARCHIVES Kerala Legislative Assembly